# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6352

**08.11.2016-ൽ** മറുപടിക്ക്

## പൊതു നിയമനത്തിനുള്ള തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ

| | ചോദ്യം<br>ശ്രീ. ഒ. രാജഗോപാൽ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ സർവ്വീസിൽ പൊതു നിയമനത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചിത പ്രായ പരിധി വ്യവസ്ഥ എന്ന് മുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് അറിയിക്കാമോ; കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പൊതു നിയമനത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്ന സമയത്ത് നിശ്ചിത പ്രായപരിധി പൂർത്തിയായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് മേല്പറഞ്ഞ വ്യവസ്ഥ വിഘാതമാവുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ), (ബി) & (സി) | 1977-ലെ PUBLIC SERVICES (DATE FOR DETERMINATION OF AGE FOR ELIGIBILITY FOR APPOINTMENT) RULES (SRO No. 32/77) പ്രകാരമാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന വർഷത്തെ ജനുവരി ഒന്നാം തീയതിയിലെ പ്രായപരിധി കണക്കാക്കണമെന്ന വ്യവസ്ഥ പ്രാബല്യത്തിൽ വന്നത്. ജനുവരി ഒന്ന് വച്ച് പ്രായം കണക്കാക്കിയാൽ ആ വർഷം നടത്തുന്ന എല്ലാ നിയമനങ്ങളിലും പങ്കെടുക്കാമെന്ന ഭാരത സർക്കാരിന്റെ നിർദ്ദേശത്തെ തുടർന്നാണ് മേൽപ്രകാരമുള്ള ചട്ടം രൂപീകരിച്ചിട്ടുള്ളത്. |
| (ബി) | പ്രാബല്യത്തിലുള്ള വ്യവസ്ഥയുടെ പോരായ്മ മൂലം ഉദ്യോഗാർത്ഥികൾക്കുണ്ടാകുന്ന തൊഴിലവസരനഷ്ടം പരിഹരിക്കുന്നതിന് അടിയന്തിര ഉത്തരവ് നൽകുമോ; എങ്കിൽ പൊതു നിയമനത്തിനുള്ള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപന കാലയളവിൽ നിശ്ചിത കുറഞ്ഞ പ്രായപരിധി പൂർത്തിയായിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അപേക്ഷയും സ്വീകരിക്കുന്നതാണെന്ന ഭേദഗതി ഉത്തരവ് നിലവിലുള്ള വ്യവസ്ഥയ്ക്ക് കീഴിൽ ഉൾപ്പെടുത്തുമോ; | | |
| (സി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓൺലൈൻ സംവിധാനം മുഖേന അപേക്ഷ സ്വീകരിക്കുന്നതിനാൽ വിജ്ഞാപന കാലയളവിൽ നിശ്ചിത പ്രായവും വിദ്യാഭ്യാസ യോഗ്യതയുമുള്ള മുഴുവൻ ഉദ്യോഗാർത്ഥികളുടേയും അപേക്ഷ സ്വീകരിച്ച് പൊതു നിയമനം നടത്തുമ്പോൾ മാത്രമാണ് തൊഴിൽ അവസര സമത്വം ലഭ്യമാവുന്നതെന്നത് പരിഗണിക്കുമോ; | | |
| (ഡി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം ചെയ്ത എത്ര തസ്തികകളിൽ തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാവുന്നതിന് അവശേഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ; പൊതുനിയമനത്തിനുള്ള തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കി ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം ലഭ്യമാക്കുന്നതിന് അടിയന്തിര ഉത്തരവ് നൽകുമോ; | (ഡി) | 30.09.2016 വരെയുള്ള കണക്കനുസരിച്ച് പി.എസ്.സി. വിജ്ഞാപനം ചെയ്തതിൽ 2597 തസ്തികകളുടെ തെരഞ്ഞെടുപ്പ് പ്രക്രിയ വിവിധ ഘട്ടങ്ങളിൽ പൂർത്തിയാകാത്തതായി അവശേഷിക്കുന്നു. ആയവ പൂർത്തിയാക്കുന്നതിലേയ്ക്കുള്ള നടപടിക്രമങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഇ) | സർവ്വീസിലെ മുഴുവൻ ഒഴിവുകളും ഓൺലൈൻ സംവിധാനം മുഖേന കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിന് ഉത്തരവ് നൽകുമോ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതൊക്കെ വകുപ്പുകളിൽ നിന്ന് എത്ര ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് എഴുതി അറിയിച്ചിട്ടുണ്ടെന്നറിയിക്കുമോ? | (ഇ) | ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് പി.എസ്.സി-യുടെ e-vacancy software സംവിധാനം ഉപയോഗപ്പെടുത്തണമെന്നും അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും എല്ലാ നിയമനാധികാരികൾക്കും 01.12.2015-ലെ 14816/ഉപ.സി3/15/ഉ.ഭ.പ.വ. നമ്പർ പരിപത്രം മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ വകുപ്പുകൾ 30.09.2016 വരെ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ